**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 536** **23-06-2026-ൽ മറുപടിയ്ക്ക്**

**കുട്ടികളെയും യുവജനങ്ങളെയും ലഹരി വസ്തുക്കളിൽ നിന്നും അകറ്റാൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. സുധീർഷാ പാലോട്
ശ്രീ. എം. ആർ. ബൈജു

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ ലഹരി ഉപയോഗം അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യം നിലവിലില്ല. ഈ അദ്ധ്യയന വർഷം ആരംഭത്തിൽ എക്സൈസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ കൂടുകയും അതിന്റെ അടിസ്ഥാനത്തിൽ ലഹരി പദാർത്ഥങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ച് അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു രണ്ടാഴ്ച മുൻപുതന്നെ സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് എന്നിവ വിൽപ്പന നടത്താൻ സൂക്ഷിച്ച് വെച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുകയും, അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. സ്കൂൾ പരിസരത്തെ ഇടവഴികൾ, പ്രവർത്തനം ഇല്ലാതെ അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാൻ പറ്റുന്ന ഇടങ്ങൾ, ഒറ്റപ്പെട്ട സ്ഥലങ്ങൾ എന്നിവ കണ്ടെത്തി തുടർ പരിശോധനകൾ നടത്തി വരുന്നു.

ഓരോ സ്കൂളിനും വിമുക്തി പ്രവർത്തനങ്ങൾക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലെ കണ്ടെത്തി കൗൺസലിംഗ് നൽകുന്നതിന് 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ഒരു Standard Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. അതിനൊപ്പം തന്നെ സ്കൂളുകളിലെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് എല്ലാ ഹൈസ്കൂൾ-ഹയർസെക്കണ്ടറി സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. കുട്ടികളിലെ ലഹരി ഉപയോഗ സാദ്ധ്യതകൾ നേരത്തെ തിരിച്ചറിയുന്നതിനും ആവശ്യമായ കൗൺസലിംഗ്, ചികിത്സാ സൗകര്യങ്ങൾ, പിന്തുണാ സംവിധാനം എന്നിവ ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ "മയങ്ങില്ല കേരളം" എന്ന പദ്ധതിയിലൂടെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ", വിദ്യാർത്ഥികളെ ബോധവൽകരിക്കുന്നതിനായി "കവചം", ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT യുമായി സഹകരിച്ച് 'തെളിവാനം വരയ്ക്കുന്നവർ' എന്നീ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. വിദ്യാലയങ്ങളിൽ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും അവബോധ ക്ലാസ്സുകൾ നടത്തുന്നതിനായി 280 എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം നേരത്തെ കണ്ടെത്തി ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് സംസ്ഥാനത്തെ കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**(ബി)** ലഹരിവസ്തുക്കളിൽ നിന്ന് കുട്ടികളെയും യുവജനങ്ങളെയും അകറ്റി, അവരെ കായികരംഗത്തേക്കും ആരോഗ്യകരമായ വിനോദങ്ങളിലേക്കും ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ;

**മറുപടി:** സംസ്ഥാനത്ത് സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളിലെ കർമ്മശേഷിയും ഊർജ്ജസ്വലതയും ക്രിയാത്മകമായി വിനിയോഗിക്കു ന്നതിന് വിമുക്തിമിഷൻ ലക്ഷ്യമിടുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായും, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ടീം വിമുക്തി എന്ന പേരിൽ വിവിധ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 1500 സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ കേന്ദ്രീകരിച്ച് നെറ്റ്ബോൾ, വോളീബോൾ, ഹാൻഡ്ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി കായിക ടീമുകൾ രൂപീകരിച്ചു. കായിക ഇനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, ജേഴ്സികൾ എന്നിവ ലഭ്യമാക്കി അതാതു സ്കൂളുകളിലെ കായിക അദ്ധ്യാപകർ വഴി ടീമിലെ അംഗങ്ങൾക്ക് പരിശീലനം നൽകി വരുന്നു.

"The challenge accepted" - ടീം വിമുക്തി സ്പോർട്സ് ടീമുകളെ പങ്കെടുപ്പിച്ച് കൊണ്ട് വിവിധ കായിക ഇനങ്ങളിൽ "The challenge accepted" മത്സരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വരുന്നു. നിലവിൽ 220 മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഉണർവ്വ് പദ്ധതി- വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ഉണർവ്വ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പഠനം കഴിഞ്ഞുള്ള സമയത്ത് വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായും ഉള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നു. ഈ പദ്ധതിയുടെ ഭാഗമായി നിലവിൽ 40 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ബി.സി - യിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ച് തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ 2021-22 - ൽ ആരംഭിച്ച ഈ പദ്ധതി മറ്റ് ജില്ലകളിൽ തിരഞ്ഞെടുത്ത സ്കൂളുകളിൽ പ്ലാൻ വിമുക്തിയിൽ ഉൾപ്പെടുത്തി തുക

അനുവദിക്കുകയും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഉണർവ് സമിതിയുടെ മേൽനോട്ടത്തിൽ കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുകയും ചെയ്തു വരുന്നു. ഉദ്ദേശം 5 ലക്ഷം രൂപ വരെയാണ് ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ബാസ്കറ്റ്ബാൾ അക്കാദമി, ഫുട്ബാൾകോർട്ട്, ജൂഡോ, റസ്‌ലിംഗ്, ഖോഖോ, കബഡി പരിശീലനം, മൾട്ടി പർപ്പസ് കോർട്ട്, ബാഡ്മിന്റൺ കോർട്ട്, വോളിബാൾ കോർട്ട് തുടങ്ങി വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ഉണർവ്വ് പദ്ധതിയുടെ ഭാഗമായി പരിശീലനം നേടിയവർ സബ്ബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ വിവിധ ചാമ്പ്യൻഷിപ്പുകൾ നേടുകയും, സംസ്ഥാന ദേശീയ മത്സരങ്ങളിൽ സെലക്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ നിരവധി കുട്ടികൾക്ക് ഗ്രേസ് മാർക്കുകൾ ലഭിക്കുന്നതിനും ഉണർവ് പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളതാണ്. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം കുട്ടികളിലൂടെ പ്രാവർത്തികമാക്കുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ഉണർവ്വ് പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ട്.

<u>ബാല്യം അമൂല്യം</u>- ഈ പദ്ധതിയുടെ ഭാഗമായി പ്രൈമറി തലത്തിൽ കുട്ടികൾക്ക് മൈനർ ഗെയിമുകൾ, ഫിറ്റ്നസ് ഉപകരണങ്ങൾ എന്നിവ നൽകി വരുന്നു. നിലവിൽ 140 സ്കൂളുകളിൽ ഈ പദ്ധതി പ്രകാരം കായിക ഫിറ്റ്നസ് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഒരു സ്കൂളിൽ 5000 രൂപ വീതമാണ് കായിക കളി ഉപകരണങ്ങൾക്കായി ചെലവഴിച്ചത്.

<u>ടർഫ് ക്രിക്കറ്റ് ഫിറ്റ്നസ് കേന്ദ്രങ്ങൾ</u>-

ലഹരിക്കെതിരെ കായിക ലഹരി വളർത്തുന്നതിന് യുവാക്കൾക്ക് ടർഫ് ക്രിക്കറ്റ് മത്സരങ്ങൾ നടത്തുകയും, തീരദേശങ്ങളിൽ വിവിധ ക്ലബ്ബുകളുമായി ബന്ധപ്പെട്ട് മിനി ഫിറ്റ്നസ് കേന്ദ്രങ്ങളുടെ സജ്ജീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

<u>കളിയിടം ശരിയിടം</u>

അസംഘടിതരായ വിഭാഗങ്ങളിലുള്ള യുവതീയുവാക്കളെയും മദ്ധ്യവയസ്കരെയും കലാകായിക രംഗത്തേക്ക് ആകർഷിക്കുക, അവരുടെ ആരോഗ്യവും, ശാരീരിക ക്ഷമതയും നിലനിർത്തുക, ലഹരി ഉപഭോഗം പോലുള്ള ആശാസ്യമല്ലാത്ത മാർഗ്ഗങ്ങളിൽ നിന്നും അവരുടെ ശ്രദ്ധ വ്യതിചലിപ്പിക്കുക അതുവഴി 'ലഹരിക്കെതിരെ കായിക ലഹരി' എന്ന ആശയം പരമാവധി ജനകീയമാക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ എക്സൈസ് വകുപ്പും വിമുക്തിമിഷനും ചേർന്ന് ആവിഷ്കരിക്കുന്ന പദ്ധതിയാണ് 'കളിയിടം ശരിയിടം'. പ്രധാനമായും 21 വയസ്സ് മുതൽ 50 വയസ് വരെയുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. വിദ്യാഭ്യാസ കാലഘട്ടം കഴിഞ്ഞവർ, തൊഴിൽ രഹിതർ, കലാപരമായും കായികപരമായും ഉള്ള കഴിവുകളെ വികസിപ്പിക്കാനോ പ്രദർശിപ്പിക്കാനോ അവസരം ലഭിക്കാത്തവർ, അസംഘടിതർ തുടങ്ങിയ വിഭാഗങ്ങളെയാണ് ഈ പദ്ധിയിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളത്. എക്സൈസ് വകുപ്പിനെയും വിമുക്തി മിഷനെയും കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ, സന്നദ്ധ സംഘടനകൾ, പൊതുമേഖല സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സർക്കാർ ഏജൻസികൾ, ആർട്സ് &സ്പോർട്സ് ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളെ സംയോജിപ്പിച്ചും എകോപിപ്പിച്ചും ആണ് കളിയിടം ശരിയിടം പദ്ധതി നടപ്പാക്കുന്നത്.

**(സി)** ലഹരി മാഫിയയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുള്ള കർമപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ലഹരിവസ്തുക്കളുടെ ഉറവിടം പൂർണ്ണമായും കണ്ടെത്തി ഇല്ലാതാക്കുന്നതിന് എക്സൈസ് വകുപ്പ് അതീവ പ്രാധാന്യത്തോടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലഹരിമരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന പ്രതികളുടെ മൊബൈൽ ഫോൺ കോൾ രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, മറ്റ് ഡിജിറ്റൽ തെളിവുകൾ എന്നിവ വിശദമായി പരിശോധിച്ച്, ലഹരിമരുന്ന് എത്തിക്കുന്ന പ്രധാന ഉറവിടങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിക്കുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ എത്തുന്ന ഇതര സംസ്ഥാനങ്ങളിലെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനായി എക്സൈസ് ക്രൈംബ്രാഞ്ചിന്റെയും പ്രത്യേക അന്വേഷണ സംഘങ്ങളുടെയും നേതൃത്വത്തിൽ സംസ്ഥാനത്തിന് പുറത്തേക്ക് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തു വരുന്നു. സംസ്ഥാന-ജില്ലാ തലങ്ങളിലുള്ള കോർഡിനേഷൻ കമ്മിറ്റികൾ (NCORD) വഴി പോലീസ്, കോസ്റ്റ്ഗാർഡ്, കസ്റ്റംസ്, ഡി.ആർ.ഐ (DRI), നർകോട്ടിക് കൺട്രോൾ ബ്യൂറോ (NCB) തുടങ്ങിയ കേന്ദ്ര-സംസ്ഥാന ഏജൻസികളുമായി സംയുക്തമായി വിവരങ്ങൾ പങ്കുവെച്ച് ലഹരിയുടെ ഉറവിടങ്ങൾ കണ്ടെത്താനുള്ള നീക്കങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ഉറവിടമായി പ്രവർത്തിക്കുന്ന പ്രധാന മാഫിയകളുടെ അനധികൃത സ്വത്തുക്കളും സാമ്പത്തിക സ്രോതസ്സുകളും കണ്ടെത്തി കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരവും (PMLA), NDPS ആക്ട് പ്രകാരവും കണ്ടുകെട്ടുന്നതിനുള്ള നടപടികൾ കർശനമായി സ്വീകരിക്കുന്നതിലൂടെ ഇവരുടെ ഫണ്ടിംഗ് സംവിധാനം ഇല്ലാതാക്കാൻ സാധിക്കുന്നുണ്ട്. അതിർത്തി ചെക്ക് പോസ്റ്റുകളിലും തീരദേശ മേഖലകളിലും റെയിൽവേ സ്റ്റേഷനുകളിലും എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണം ശക്തമാക്കിയും, അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയാഗിച്ചും ലഹരി കടത്താൻ ഉപയോഗിക്കുന്ന പുതിയ റൂട്ടുകളും അവയുടെ ഉറവിടങ്ങളും മുൻകൂട്ടി കണ്ടെത്തി തടയുന്നതിനുള്ള കൃത്യമായ നടപടികൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**